<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3001 — 15/02/2013-ൽ മറുപടിയ്ക്ക്

## റെയിൽപാത ഇരട്ടിപ്പിക്കലിനുവേണ്ടി ഭൂമി വിട്ടുകൊടുത്തവർക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കോട്ടയം വഴിയുള്ള റെയിൽപാത ഇരട്ടിപ്പിക്കലിന് സ്ഥലം വിട്ടുകൊടുത്ത മുഴുവൻ ആളുകൾക്കും ഏറ്റെടുത്ത വസ്തുവിന്റെ വില കൊടുത്തു തീർക്കാൻ സാധിച്ചുവോ ; | (എ) കോട്ടയം വഴിയുള്ള റെയിൽപാത ഇരട്ടിപ്പിക്കലിന് സ്ഥലം വിട്ടുകൊടുത്ത് ആവശ്യമായ രേഖകൾ സമർപ്പിച്ച മുഴുവൻ ആളുകൾക്കും പൊന്നുംവില നിയമപ്രകാരം ഏറ്റെടുത്ത വസ്തുവിന്റെ സ്ഥലവില കൊടുത്തിട്ടുണ്ട്. |
| (ബി) കോട്ടയം ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുകൊടുത്ത വർക്ക് ലഭിക്കാനുള്ള തുക റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എന്നാണ് ലഭിച്ചത്; തുക എത്രയാണ് ; | (ബി) പൊന്നുംവില നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന് ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>മാർച്ച് 2009 - 7,23,34,167/- രൂപ<br>ജനുവരി 2013 - 2,00,00,000/- രൂപ<br>ഫെബ്രുവരി 2013 - 5,00,00,000/- രൂപ |
| (സി) ഭൂമി വിട്ടു കൊടുത്ത കോട്ടയം ജില്ലയിലെ മുഴുവൻ ആളുകൾക്കും പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ? | (സി) കോട്ടയം ജില്ലയിൽ റെയിൽപ്പാത ഇരട്ടിപ്പിക്കലിനായി പൊന്നുംവില നിയമ പ്രകാരവും ഫാസ്റ്റ് ട്രാക്ക് മുഖേനയും സ്ഥലമെടുപ്പ് നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. പൊന്നുംവില പ്രകാരമുള്ള നടപടികൾ പൂർത്തിയായതിനു ശേഷം സ്ഥലമുടമകൾ റിക്കാർഡുകൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. ഫാസ്റ്റ് ട്രാക്ക് മുഖേന സ്ഥലമെടുക്കുമ്പോൾ റെയിൽവെ നേരിട്ടാണ് നഷ്ടപരിഹാരം നൽകുന്നത്. രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി സർക്കാർ ഉത്തരവ് നൽകുന്ന മുറയ്ക്ക് ആധാരം നടത്തി ഭൂമി ഏറ്റെടുക്കുന്നതാണ്. നാല് മാസത്തിനു ള്ളിൽ ടി നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.